പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4032 12.12.2018 - ൽ മറുപടിയ്ക്ക്**

## ആരോഗ്യ ചികിത്സാരംഗത്ത് എഫർസിസ് ടെക്നോളജി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) ആരോഗ്യ ചികിത്സാരംഗത്ത് എഫർസിസ് ടെക്നോളജിയുടെ പ്രാധാന്യം വിശദമാക്കുമോ; | (എ) ആരോഗ്യ ചികിത്സാരംഗത്ത് എഫർസിസ് ടെക്നോളജി ഡോണർ ഫറസിസിനും തെറാപ്യൂട്ടിക് ഫറസിസിനും ഉപയോഗിക്കുന്നു. ഡോണർ ഫറസിസ് രക്ത ദാതാക്കളിലും (പ്ലാസ്മ ഫറസിസ്, പ്ലേറ്റ് ലറ്റ് ഫറസിസ്, സ്റ്റം സെൽ ഫറസിസ്, എരിത്രൊസൈറ്റോ ഫറസിസ്, ഗ്രാനുലോസൈറ്റാഫറസിസ്) തെറാപ്യൂട്ടിക് ഫറസിസ് രോഗികളിലും (മുഖ്യമായും ആട്ടോ ഇമ്മ്യൂൺ അസുഖം ചികിത്സയ്ക്കായിട്ട്) ഉപയോഗിക്കുന്നു. |
| (ബി) എഫർസിസ് മെഷീൻ സ്ഥാപിച്ചിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജ് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) എഫർസിസ് മെഷീൻ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) മെഡിക്കൽ കോളേജിൽ ഏത് വകുപ്പാണ് എഫർസിസ് മെഷീൻ കൈകാര്യം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം |

സെക്ഷൻ ഓഫീസർ